

K-DISC
Kerala Development and Innovation Strategic Council

KERALA KNOWLEDGE ECONOMY MISSION

# തൊഴിലരങ്ങത്തേക്ക്

ന്യൂസ് ലെറ്റർ / പുസ്തകം 01 / ലക്കം 02 / 05 ജൂലൈ / 2023

## ആത്മാഭിമാനത്തോടെ തൊഴിലിടത്തേക്ക്

പ്രൈഡ്, തൊഴിൽതീരം, എന്റെ തൊഴിൽ എന്റെ അഭിമാനം 2.0

വ്യത്യസ്ത പദ്ധതികളുമായി നോളെജ് ഇക്കോണമി മിഷൻ തൊഴിലന്വേഷകരിലേക്ക്

**തൊഴിലരങ്ങത്തേക്ക്**
ന്യൂസ് ലെറ്റർ 05 ജൂലൈ / 2023




*കവർ :*
*പ്രൈഡ് ശിൽപ്പശാലയിൽ പങ്കെടുക്കാനെത്തിയ ദർശനയും പ്രകൃതിയും*

ചീഫ് എഡിറ്റർ
**ഡോ. പി എസ് ശ്രീകല**
**(ഡയറക്ടർ, KKEM)**

എഡിറ്റർ
**ഷൈജി ഇ പി**

ലേ-ഔട്ട് & കവർ ഡിസൈൻ
**കളർ ട്രാക്ക്**
**9447719387**

KERALA KNOWLEDGE ECONOMY MISSION
4th Floor, Carmel Towers
Vazhuthacaud, Thiruvananthapuram

## എഡിറ്റോറിയൽ

# സാങ്കേതികവിദ്യയും പ്രായോഗികപ്രവർത്തനവും കൈകോർക്കുന്നു

വിജ്ഞാനസമൂഹത്തിലേക്കും വിജ്ഞാനാധിഷ്ഠിത സമ്പദ്ഘടനയിലേക്കുമുള്ള പരിവർത്തനപാതയിലാണ് കേരളം. പൊതുവിദ്യാഭ്യാസത്തിലും ഉന്നതവിദ്യാഭ്യാസത്തിലും മുന്നിൽ നിൽക്കുന്ന കേരളത്തിൽ അത് അനിവാര്യമാണ്. ആഗോളതലത്തിൽ രൂപപ്പെടുന്ന മാറ്റങ്ങളെ സാമൂഹ്യവികസനത്തിന് പ്രയോജനപ്പെടുത്തിയും തനത് മാതൃകകൾ ലോകത്തിന് സംഭാവന ചെയ്തും മുന്നോട്ടുപോകുന്ന കേരളത്തിൽ അത് സാധ്യവുമാണ്. നവകേരളമെന്ന ലക്ഷ്യത്തിൽ വിജ്ഞാനസമൂഹനിർമ്മിതി സർക്കാർ ഉൾച്ചേർത്തിരിക്കുന്നതും അതുകൊണ്ടുതന്നെ.

2026 നുള്ളിൽ സ്വകാര്യമേഖലയിലെ 20 ലക്ഷം വിജ്ഞാനതൊഴിലവസരങ്ങൾ കേരളത്തിലെ അഭ്യസ്തവിദ്യർക്ക് ലഭ്യമാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. ഇത് സാധ്യമാക്കാനുള്ള ചുമതല കേരള നോളെജ് ഇക്കോണമി മിഷനാണ്. ഇതിന് സഹായകമായ സർക്കാർ – സർക്കാരിതര സംവിധാനങ്ങളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനമാണ് മിഷൻ നടത്തിവരുന്നത്. സാങ്കേതികവിദ്യയെയും പ്രായോഗിക പരിചയത്തെയും സംയോജിപ്പിച്ചുകൊണ്ട്, ജനകീയ സംവിധാനത്തിലൂടെ ലക്ഷ്യത്തിലെത്താനാണ് ശ്രമിക്കുന്നത്.

തൊഴിലന്വേഷകരും തൊഴിൽദാതാക്കളും ഒരുമിക്കുന്ന ഡിജിറ്റൽ പ്ലാറ്റ്ഫോം, അതിലൂടെ ലഭ്യമാകുന്ന നൈപുണ്യവികസന സേവനങ്ങൾ, പ്രാദേശികമായ സംഘാടനങ്ങൾ തുടങ്ങി വിവിധ ഇടപെടലുകളിലൂടെയാണ് തൊഴിലിൽ എത്തിക്കുന്ന പ്രക്രിയ പൂർത്തിയാവുന്നത്.

സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്നവർക്കുൾപ്പെടെ ഈ സംവിധാനം പ്രാപ്യമാവണം എന്ന് സർക്കാരിന് നിർബന്ധമുണ്ട്. അതുകൊണ്ടുതന്നെ പാർശ്വവൽകൃത മേഖലയ്ക്ക് ഊന്നൽ നൽകുന്ന വ്യത്യസ്ത പദ്ധതികൾ കൂടി വിഭാവന ചെയ്തുനടപ്പിലാക്കിക്കൊണ്ടാണ് നോളെജ് ഇക്കോണമി മിഷൻ മുന്നോട്ടുപോകുന്നത്.

മിഷന്റെ പ്രവർത്തനങ്ങൾ മനസ്സിലാക്കാനും വിവിധ പദ്ധതികളെക്കുറിച്ച് അറിയാനും ഈ ലക്കം ന്യൂസ്ലെറ്റർ സഹായകമാകും എന്ന് പ്രതീക്ഷിക്കുന്നു.

**ഡോ. പി എസ് ശ്രീകല**
(ഡയറക്ടർ, കെ.കെ.ഇ.എം)



*തൊഴിലരങ്ങത്തേക്ക് പദ്ധതിയുടെ ഭാഗമായി നിയമന ഉത്തരവ് കൈമാറൽ പരിപാടിയിൽ പങ്കെടുക്കാനെത്തിയ മുഖ്യമന്ത്രി പിണറായി വിജയൻ. വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി ശിവൻകുട്ടി, ഗതാഗത വകുപ്പ് മന്ത്രി അഡ്വ. ആന്റണി രാജു എന്നിവർ സമീപം.*

# പ്രൈഡ്




> വിദ്യാഭ്യാസയോഗ്യതയ്ക്കും അഭിരുചിക്കും അനുസരിച്ചുള്ള തൊഴിലുകളിലേക്ക് മുഴുവൻ ട്രാൻസ്ജെൻഡർ വ്യക്തികളെയും എത്തിക്കുക എന്നത് ഒരു ലക്ഷ്യമായി ഏറ്റെടുക്കുകയും വരുന്ന മൂന്ന് വർഷം കൊണ്ട് അത് പൂർത്തീകരിക്കുകയും ചെയ്യും.

- കേരള നോളെജ് ഇക്കോണമി മിഷൻ ട്രാൻസ്ജെൻഡർ വിഭാഗത്തിനായി നടപ്പാക്കുന്ന പ്രത്യേക തൊഴിൽ പദ്ധതി പ്രൈഡിന്റെ സംസ്ഥാനതല ഉദ്ഘാടനം ഉന്നത വിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി ഡോ. ആർ ബിന്ദു നിർവഹിച്ചു. സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ചേതൻ കുമാർ മീണ ഐ എ എസ്, കെ കെ ഇ എം ഡയറക്ടർ ഡോ. പി എസ് ശ്രീകല, സ്റ്റേറ്റ് പ്രോഗ്രാം മാനേജർ ഡോ. സി മധുസൂദനൻ, തിരുവനന്തപുരം നഗരസഭാ കൗൺസിലർ ജി മാധവദാസ് തുടങ്ങിയവർ പങ്കെടുത്തു. പ്രൈഡ് പദ്ധതിയുടെ ലോഗോ ട്രാൻസ്‌വ്യക്തിളായ ശ്യാമ എസ് പ്രഭയ്ക്കും സാൻജോ സ്റ്റീവിനും നൽകി മന്ത്രി പ്രകാശനം ചെയ്തു.




*പ്രൈഡ് ലോഗോ പ്രകാശനം*



- വൈജ്ഞാനിക തൊഴിൽ മേഖലയിൽ ട്രാൻസ്ജെൻഡർ സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ നോളെജ് ഇക്കോണമി മിഷൻ സാമൂഹ്യനീതിവകുപ്പുമായി ചേർന്നുകൊണ്ട് നടത്തുന്ന പദ്ധതി.
- വൈജ്ഞാനിക തൊഴിലിൽ തൽപരരായ, പ്ലസ്ടുവോ അതിനു മുകളിലോ വിദ്യാഭ്യാസയോഗ്യതയുള്ളവരെ കണ്ടെത്തി 45 ദിവസത്തെ റസിഡൻഷ്യൽ പരിശീലനത്തിലൂടെ തൊഴിലിലേക്കെത്തിക്കും.
- നൈപുണി പരിശീലനം, കരിയർ കൗൺസിലിങ്, വ്യക്തിത്വ വികസന പരിശീലനം, ഇംഗ്ലീഷ് സ്കോർ ടെസ്റ്റ്, റോബോട്ടിക് ഇന്റർവ്യൂ എന്നിവ ഉൾപ്പെടുന്നതാണ് മിഷൻ ലഭ്യമാക്കുന്ന സേവനങ്ങൾ.
- 382 ട്രാൻസ്ജെൻഡർ വ്യക്തികളെ ആദ്യഘട്ടത്തിൽ തൊഴിലിലേക്ക് എത്തിക്കും.
- സാമൂഹ്യ നീതിവകുപ്പിന്റെ ഗുണഭോക്താക്കളായ 1628 ട്രാൻസ്ജെൻഡർ വ്യക്തികളെകൂടി അടുത്ത ഘട്ടത്തിൽ പദ്ധതിയുടെ ഭാഗമാക്കും.
- ട്രാൻസ്ജെൻഡർ വിഭാഗത്തിലുള്ളവരാണ് കോ–ഓർഡിനേറ്റർമാരായി പ്രവർത്തിക്കുന്നത്.

**28**

**കമ്മ്യൂണിറ്റി കോ–ഓർഡിനേറ്റർമാർ പരിശീലനം പൂർത്തിയാക്കി**

SPECIAL EMPLOYMENT PROJECT FOR THE TRANSGENDER COMMUNITY

PRIDE






# തൊഴിൽതീരം

> മത്സ്യത്തൊഴിലാളി വിഭാഗത്തിലെ യുവജനങ്ങളെ വിജ്ഞാന തൊഴിലിലെത്തിക്കുക വഴി ആ സമൂഹത്തിലാകെ മാറ്റമുണ്ടാക്കാൻ സാധിക്കും. തൊഴിൽതീരം പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ബേപ്പൂർ നിയോജക മണ്ഡലത്തിൽ നടക്കും.

ബേപ്പൂർ നിയോജക മണ്ഡലത്തിലെ തൊഴിൽതീരം ഉന്നത ഉദ്യോഗസ്ഥതല യോഗം പൊതുമരാമത്ത്, ടൂറിസം വകുപ്പുമന്ത്രി പി എ മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്തു. കോഴിക്കോട് നഗരസഭാമേയർ ഡോ. ബീന ഫിലിപ്പ് അധ്യക്ഷയായി. ഫറോക്ക് മുനിസിപ്പാലിറ്റി ചെയർമാൻ എൻ സി അബ്ദുൽ റസാഖ്, രാമനാട്ടുകര മുനിസിപ്പാലിറ്റി ചെയർപേഴ്സൺ ബുഷ്റ റഫീഖ് എന്നിവർ പങ്കെടുത്തു.

- മത്സ്യത്തൊഴിലാളി വിഭാഗത്തിലെ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകരെ വിജ്ഞാന തൊഴിലിലേക്കെത്തിക്കുന്ന പദ്ധതി.
- ഫിഷറീസ് വകുപ്പുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കുക.
- 18 നും 40 നും ഇടയിൽ പ്രായമുള്ള പ്ലസ്ടുവോ അതിനു മുകളിലോ വിദ്യാഭ്യാസ യോഗ്യതയുള്ളവരെ കണ്ടെത്തി പദ്ധതിയുടെ ഭാഗമാക്കും.
- 9 നിയോജക മണ്ഡലങ്ങളിൽ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചു.
- നോളെജ് ഇക്കോണമി മിഷന്റെ തൊഴിൽ നൈപുണി പരിശീലനം, കരിയർ കൗൺസിലിങ്, വ്യക്തിത്വ വികസന പരിശീലനം, ഇംഗ്ലീഷ് സ്കോർ ടെസ്റ്റ്, റോബോട്ടിക് ഇന്റർവ്യൂ എന്നീ സേവനങ്ങൾ ലഭ്യമാക്കിക്കൊണ്ട് തൊഴിലന്വേഷകരുടെ അഭിരുചിക്കനുസരിച്ചുള്ള തൊഴിലിലേക്കെത്തിക്കും.

**46**
തീരദേശ നിയോജക മണ്ഡലങ്ങളിൽ പദ്ധതി നടപ്പാക്കും



> ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന ഒരു കുടുംബത്തിൽ ഒരു തൊഴിൽ എന്ന ആശയവുമായി നോളെജ് ഇക്കോണമി മിഷൻ പ്രവർത്തനങ്ങളെ കണ്ണിചേർക്കും. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ അഭ്യസ്തവിദ്യരെ വിജ്ഞാനതൊഴിലിലേക്ക് എത്തിക്കും.




*കല്യാശ്ശേരി നിയോജക മണ്ഡലത്തിലെ തൊഴിൽ തീരം ഉന്നത ഉദ്യോഗ സ്ഥതല യോഗം എം വിജിൻ എം എൽ എ ഉദ്ഘാടനം ചെയ്തു. കല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി വി ഷാജിർ അധ്യക്ഷനായി.*

കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ തൊഴിൽതീരം ഉന്നത ഉദ്യോഗസ്ഥതല യോഗം സി ആർ മഹേഷ് എം എൽ എ ഉദ്ഘാടനം ചെയ്തു. നോളെജ് ഇക്കോണമി മിഷൻ ഡയറക്ടർ ഡോ. പി എസ് ശ്രീകല അധ്യക്ഷയായി.







കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ താഴിൽതീരം ഉന്നത ഉദ്യോഗസ്ഥതല യോഗം ഇ ചന്ദ്രശേഖരൻ എം എൽ എ ഉദ്ഘാടനം ചെയ്തു. നഗരസഭാ ചെയർ പേഴ്സൺ കെ വി സുജാത അധ്യക്ഷത വഹിച്ചു.

മണലൂർ നിയോജക മണ്ഡലത്തിൽ തൊഴിൽതീരം പദ്ധതിയുടെ ഭാഗമായുള്ള സംഘാടകസമിതി മുരളി പെരുനെല്ലി എം എൽ എ ഉദ്ഘാടനം ചെയ്തു. വെങ്കിടങ്ങ് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചാന്ദ്നി വേണു അധ്യക്ഷയായി.





തൊഴിലരങ്ങത്തേക്ക് പദ്ധതിയുടെ ഭാഗമായി കരിയർ ബ്രേക്ക് സംഭവിച്ച സ്ത്രീകൾക്കിടയിൽ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സർവേ റിപ്പോർട്ട് നോളെജ് ഇക്കോണമി മിഷൻ ഡയറക്ടർ ഡോ. പി എസ് ശ്രീകല വനിതാ-ശിശുവികസനവകുപ്പ് മന്ത്രി വീണ ജോർജ്ജിന് കൈമാറുന്നു.




കൊച്ചി നിയോജക മണ്ഡലത്തിലെ തൊഴിൽതീരം ഉന്നത ഉദ്യോഗസ്ഥതല യോഗവും സംഘാടകസമിതി രൂപീകരണവും കെ ജെ മാക്സി എം എൽ എ ഉദ്ഘാടനം ചെയ്തു. കൊച്ചിൻ കോർപ്പറേഷൻ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ വി ജെ ശ്രീജിത്ത് അധ്യക്ഷനായി.




തിരൂർ നിയോജക മണ്ഡലത്തിൽ തൊഴിൽതീരം ഉന്നത ഉദ്യോഗസ്ഥതല യോഗം കുറുക്കോളി മൊയ്ദീൻ എം എൽ എ ഉദ്ഘാടനം ചെയ്തു. വെട്ടം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് രജനി പി പി അധ്യക്ഷയായി.



ബേപ്പൂർ നിയോജകമണ്ഡലം തൊഴിൽതീരം സംഘാടക സമിതി യോഗം കടലുണ്ടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അനുഷ വി ഉദ്ഘാടനം ചെയ്തു. നമ്മൾ ബേപ്പൂർ വികസന സമിതി ചെയർമാൻ രാധ ഗോപി പങ്കെടുത്തു.




ചേർത്തല നിയോജകമണ്ഡലം തൊഴിൽതീരം ഉന്നത ഉദ്യോഗസ്ഥ തലയോഗം കേരള നോളെജ് ഇക്കോണമി മിഷൻ ഡയറക്ടർ ഡോ. പി എസ് ശ്രീകല ഉദ്ഘാടനം ചെയ്തു. ചേർത്തല നഗര സഭാ ചെയർപേഴ്സൺ ഷേർളി ഭാർഗവൻ അധ്യക്ഷയായി.



കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ തൊഴിൽതീരം സംഘാടകസമിതി യോഗം തഴവ പഞ്ചായത്ത് പ്രസിഡന്റ് വി സദാശിവൻ ഉദ്ഘാടനം ചെയ്തു. തൊടിയൂർ പഞ്ചായത്ത് പ്രസിഡന്റ് ബിന്ദു രാമചന്ദ്രൻ അധ്യക്ഷയായി.






കോവളം നിയോജകമണ്ഡലം തൊഴിൽതീരം സംഘാടക സമിതി യോഗം എം വിൻസെന്റ് എം എൽ എ ഉദ്ഘാടനം ചെയ്തു. പൂവാർ പഞ്ചായത്ത് പ്രസിഡന്റ് ജെ ലോറൻസ് അധ്യക്ഷത വഹിച്ചു.

- സംസ്ഥാനത്ത് നാല് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന പ്രത്യേക തൊഴിൽ പദ്ധതി
- കൊല്ലം കോർപ്പറേഷൻ, സുൽത്താൻ ബത്തേരി ബ്ലോക്ക്പഞ്ചായത്ത്, ബൈസൺ വാലി ഗ്രാമപഞ്ചായത്ത്, പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയാണ് ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്തിരിക്കുന്നത്.
- പദ്ധതിക്കുകീഴിൽ രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകർക്കായി പ്രത്യേക തൊഴിൽ മേളകൾ നടത്തും.
- പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിനുകീഴിൽ ആലങ്കോട്, മാറഞ്ചേരി, നന്നമുക്ക്, വെളിയങ്കോട്, പെരുമ്പടപ്പ് എന്നീ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടും.
- നെന്മേനി, നൂൽപ്പുഴ, മീനങ്ങാടി, അമ്പലവയൽ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്നതാണ് സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത്.



*കൊല്ലം കോർപ്പറേഷനിൽ മൈക്രോപ്ലാൻ പദ്ധതിയുടെ ഭാഗമായുള്ള പരിശീലനങ്ങൾ കൊല്ലം മേയർ പ്രസന്ന ഏണസ്റ്റ് ഉദ്ഘാടനം ചെയ്തു. വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ഗീതാകുമാരി അധ്യക്ഷയായി.*

# മൈക്രോപ്ലാൻ



*ബൈസൺവാലിയിൽ നോളെജ് ഇക്കോണമി മിഷന്റെ വിജ്ഞാന തൊഴിൽ പരിശീലനങ്ങൾ എ രാജ എം എൽ എ ഉദ്ഘാടനം ചെയ്തു. ബൈസൺവാലി പഞ്ചായത്ത് പ്രസിഡന്റ് ബൈജു കൃഷ്ണൻകുട്ടി അധ്യക്ഷത വഹിച്ചു.*

*സുൽത്താൻ ബത്തേരിയിൽ സംഘടിപ്പിച്ച ജോബ് ഓറിയന്റേഷൻ, കരിയർ ക്ലിനിക് പരിശീലന പരിപാടിയിൽ പങ്കെടുക്കാനെത്തിയ തൊഴിലന്വേഷകർ*






*സുൽത്താൻ ബത്തേരിയിൽ മൈക്രോപ്ലാൻ സംഘാടക സമിതിരൂപീകരണ യോഗം നോളെജ് ഇക്കോണമി മിഷൻ ഡയറക്ടർ ഡോ. പി എസ് ശ്രീകല ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അസൈനാർ അധ്യക്ഷനായി.*




*പെരുമ്പടപ്പ് ബ്ലോക്കിലെ നന്നമുക്ക് പഞ്ചായത്തിൽ നടന്ന വർക്ക് റെഡിനസ് പ്രോഗ്രാം പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഇ സിന്ധു ഉദ്ഘാടനം ചെയ്തു. നന്നമുക്ക് പഞ്ചായത്ത് പ്രസിഡന്റ് മിസ്രിയ സൈഫുദ്ദീൻ അധ്യക്ഷയായി.*



*സുൽത്താൻ ബത്തേരിയിൽ തൊഴിലന്വേഷകർക്കായുള്ള പരിശീലനങ്ങൾ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അസൈനാർ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് അമ്പിളി സുധി അധ്യക്ഷയായി.*



*ബൈസൺവാലിയിൽ സംഘടിപ്പിച്ച ജോബ് ഓറിയന്റേഷൻ, കരിയർ ക്ലിനിക് പരിശീലന പരിപാടിയിൽ പങ്കെടുക്കാനെത്തിയ തൊഴിലന്വേഷകർ*



## മിഷന്റെ സേവനങ്ങൾ പ്രയോജനപ്പെടുത്തിയവർ

| | |
|---|---|
| റോബോട്ടിക് ഇന്റർവ്യൂ | 8121 |
| കരിയർ കൗൺസിലിങ് | 62238 |
| പേഴ്സണാലിറ്റി ഡവലപ്മെന്റ് | 3240 |
| വർക്ക് റെഡിനസ് പ്രോഗ്രാം | 18544 |
| ഇംഗ്ലീഷ് സ്കോർ | 13889 |

## മൈക്രോപ്ലാൻ പദ്ധതിക്കുകീഴിൽ DWMS ൽ രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകർ

| | |
|---|---|
| ബൈസൺവാലി പഞ്ചായത്ത് | 554 |
| കൊല്ലം കോർപ്പറേഷൻ | 7788 |
| പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് | 3300 |
| സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത് | 3376 |



*മൈക്രോപ്ലാൻ പദ്ധതിയുടെ ഭാഗമായി സുൽത്താൻ ബത്തേരി അമ്പലവയൽ പഞ്ചായത്തിലെ ജനപ്രതിനിധികൾക്കായുള്ള യോഗം.*



*പെരുമ്പടപ്പ് മാറഞ്ചേരിയിൽ സംഘടിപ്പിച്ച ജോബ് ഓറിയന്റേഷൻ പരിശീലന പരിപാടിയിൽ പങ്കെടുക്കാനെത്തിയ തൊഴിലന്വേഷകർ*




# എന്റെ തൊഴിൽ എന്റെ അഭിമാനം 2.0

എന്റെ തൊഴിൽ എന്റെ അഭിമാനം 2.0 പദ്ധതിയുടെ ഭാഗമായി വർക്കല നിയോജക മണ്ഡലത്തിൽ നടന്ന പ്രത്യേക ആലോചനാ യോഗം  അഡ്വ. വി ജോയ് എം എൽ എ ഉദ്ഘാടനം ചെയ്തു. മുൻസിപ്പൽ ചെയർമാൻ കെ എം ലാജി അധ്യക്ഷത വഹിച്ചു.

- വിജ്ഞാനതൊഴിൽ മേഖലയിൽ ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം പേർക്ക് തൊഴിൽ ലഭ്യമാക്കുന്ന പദ്ധതി
- 411 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അഭ്യസ്തവിദ്യർക്ക് അവസരം
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കുക
- 2023 ജൂലൈയിൽ തുടങ്ങി 2024 മാർച്ച് 31 ന് മുമ്പ് എല്ലാ ജില്ലകളിലും നൈപുണ്യ പരിശീലനവും തൊഴിൽ മേളകളും നടത്തി ഉദ്യോഗാർഥികളെ തൊഴിലിലേക്കെത്തിക്കും.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തൊഴിൽ ക്ലബ്ബിൽ അംഗങ്ങളായിട്ടുള്ളവർക്കാണ് പദ്ധതിക്കുകീഴിൽ തൊഴിലവസരങ്ങൾ ലഭ്യമാകുക.
- തിരഞ്ഞെടുക്കപ്പെട്ട തദ്ദേശസ്ഥാപനങ്ങളിലെ ഐ ടി ഐ / ഡിപ്ലോമ / പ്ലസ്ടുവോ അതിനു മുകളിലോ യോഗ്യതയുള്ള DWMS ൽ രജിസ്റ്റർ ചെയ്തവരെയാണ് പരിശീലനം നൽകി തൊഴിലിന് സജ്ജരാക്കുന്നത്.
- 2024 മാർച്ച് 31 നകം തൊഴിൽ മേളകൾ നടത്തും.



തിരുവനന്തപുരം ജില്ലയിൽ 'തൊഴിലരങ്ങത്തേക്ക്' പദ്ധതിയുടെ ഭാഗമായി ജോലി ലഭിച്ച ഫാത്തിമ ഹുസൈന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി സുരേഷ് കുമാർ നിയമന ഉത്തരവ് കൈമാറുന്നു.

# പ്രൈഡ് വോളന്റിയർ പരിശീലനം




പ്രൈഡ് പദ്ധതിയുടെ ഭാഗമായി നടന്ന ത്രിദിന വോളന്റിയർ പരിശീലനം ഉന്നത വിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു ഉദ്ഘാടനം ചെയ്യുന്നു




പ്രൈഡ് പരിപാടിയിൽ പങ്കെടുത്ത് സംസാരിക്കുന്ന കെ- ഡിസ്ക് മെമ്പർ സെക്രട്ടറി ഡോ. പി വി ഉണ്ണികൃഷ്ണൻ




നവകേരള കർമപദ്ധതി കോ-ഓർഡിനേറ്റർ ഡോ. ടി എൻ സീമ ശില്പശാലയിൽ പങ്കെടുത്ത വോളന്റിയർമാരുമായി സംസാരിക്കുന്നു.



'ട്രാൻസ്ജെൻഡർ വ്യക്തികൾ അനുഭവിക്കുന്ന തൊഴിൽ പ്രശ്നങ്ങൾ' എന്ന വിഷയത്തിൽ നടന്ന പാനൽ ചർച്ചയിൽ അഡ്വ. പത്മലക്ഷ്മി, ശ്യാമ എസ് പ്രഭ, മെൽവിൻ ജോബ്, ഡോ. അനുരാധ കൃഷ്ണൻ എന്നിവർ.







**ജില്ലകളിൽ നടന്ന നോളജ് മിഷന്റെ വിവിധ പരിശീലന പരിപാടികൾ**













# ജില്ലകളിൽ നടന്ന ഡി.ഡബ്ല്യു.എം.എസ് രജിസ്ട്രേഷൻ

















വൈക്കം ബ്ലോക്ക് പഞ്ചായത്തിൽ നടന്ന ഉണർവ് 2023 തൊഴിൽമേള തോമസ് ചാഴിക്കാടൻ എംപി ഉദ്ഘാടനം ചെയ്തു. വൈക്കം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ കെ രഞ്ജിത്ത് അധ്യക്ഷനായി.

‘എന്റെ തൊഴിൽ എന്റെ അഭിമാനം’ പദ്ധതിയുടെ ഭാഗമായി പുനലൂർ മുനിസിപ്പാലിറ്റിയിൽ നടന്ന വർക്ക് റെഡിനസ് പ്രോഗ്രാം നഗരസഭാ ചെയർപേഴ്സൺ ബി സുജാത ഉദ്ഘാടനം ചെയ്തു.




Edited, Printed & Published by Dr. P.S.Sreekala, Director, Kerala Knowledge Economy Mission, 4th Floor, Carmel Towers, Vazhuthacaud, Thiruvananthapuram. Printed at Color Track Communication, Tvpm. Ph: 9447719387